(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 2014-15 സാമ്പത്തിക വർഷം 14 സ്ഥാപനങ്ങൾ ലാഭത്തിലും 30 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു.

ഇലക്ട്രോണിക് കളിപ്പാട്ട നിർമ്മാണ വ്യവസായങ്ങൾ

152(2190) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് കളിപ്പാട്ട നിർമ്മാണ വ്യവസായങ്ങൾ സഹകരണ സ്വകാര്യ മേഖലയിൽ ആരംഭിക്കാനുള്ള പദ്ധതി നടപ്പിൽ വരുത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം മേഖലയിൽ എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് കളിപ്പാട്ട നിർമ്മാണ വ്യവസായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ വകുപ്പു മുഖാന്തിരം നടപ്പിലാക്കിയിട്ടില്ല.

(ബി) 1. ബി.എൻ.സി. ഇൻഡസ്ട്രീസ്, തിരുവനന്തപുരം
2. ആതിര ഇൻഡസ്ട്രീസ്, തിരുവനന്തപുരം
3. എ.ഐ.എം. ടെക്നോളജീസ്, ചേർത്തല
4. മിന്നസ് പ്രോഡക്ട്സ്, തൃശ്ശൂർ.

സ്റ്റാർട്ട് അപ്പ് പോളിസി

153(2191) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്റ്റാർട്ട് അപ്പ് പോളിസി' യുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

GPM. 2/243/2020-33

LIBRARY ARCHIVES Kerala Legislative Assembly